# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3967.

16-05-2017 ൽ മറുപടിയ്ക്ക്

## മില്ലുടമകളുടെ കിഴിവുതള്ളൽ എന്ന പ്രക്രിയ നിമിത്തം നെൽ കർഷകരുടെ നഷ്ടം

**ചോദ്യം**
ശ്രീ.മോൻസ് ജോസഫ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പുഞ്ചകൃഷി പാടങ്ങളിൽ ഉപ്പുവെള്ളം കയറിയതിന്റെ അടിസ്ഥാനത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിവകുപ്പ് നഷ്ടപരിഹാരം നൽകുമോ; | (എ) | പുഞ്ചകൃഷി പാടങ്ങളിൽ ഉപ്പുവെള്ളം കയറിയതിന്റെ അടിസ്ഥാനത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിവകുപ്പിൽ നിന്നും നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ പ്രസ്തുത പാടങ്ങളിൽ വരൾച്ചമൂലം ഉണ്ടാകുന്ന 33% മേൽ നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| (ബി) | നെല്ല് സംഭരിക്കുന്ന മില്ലുടമകളുടെ കിഴിവുതള്ളൽ എന്ന പ്രക്രിയ നിമിത്തം കർഷകരുടെ നഷ്ടം ഇരട്ടിയാക്കുന്ന പ്രശ്നം കൃഷിവകുപ്പ് എങ്ങനെ പരിഹരിക്കും എന്നറിയിക്കാമോ; | (ബി) | ഗുണനിലവാരം കുറഞ്ഞ നെല്ല് കർഷകരിൽ നിന്നും സംഭരിക്കുന്ന മില്ലുടമകളുടെ കിഴിവുതള്ളൽ നിമിത്തം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ജില്ലകളിൽ നിന്നും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗതീരുമാന പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷരുടെ നഷ്ടം കുറയ്ക്കുന്നതിനും വളം, വിത്ത്, കൃഷിയിറക്കാനുള്ള ചെലവ് എന്നിവ വഹിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്തെ നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷി വികസനത്തിനുമായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ നെൽകൃഷി വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നെൽകർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുകയും സർട്ടിഫൈഡ് വിത്തുകൾ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ന്യായമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നുമുണ്ട്. നെൽകൃഷിയ്ക്കാവശ്യമായ |

| | | | |
|---|---|---|---|
| | | | വളം സംസ്ഥാനത്തുള്ള വളം ഡീലർമാർ വഴി സ്റ്റോക്ക് ചെയ്ത് കർഷകർക്ക് വില്പന നടത്തി വരുന്നു. നെൽകൃഷിയ്ക്കാവശ്യമായ രാസവളങ്ങൾ, റോക്ക് ഫോസ്ഫേറ്റ്, എൻ.പി.കെ. മിക്സർ വളങ്ങൾ എന്നിവയും ആവശ്യത്തിന് ലഭ്യമാണ്. നെൽകൃഷിയ്ക്കാവശ്യമായ കുമ്മായ വസ്തുക്കൾ ഹെക്ടറൊന്നിന് 5,400/- രൂപ 75% സബ്സിഡി നിരക്കിൽ തെരെഞ്ഞെടുത്ത ജില്ലകളിലെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നെൽകൃഷി ഉല്പാദനോപാധികൾ, യന്ത്രവൽക്കരണം എന്നിവയ്ക്കുള്ള സഹായത്തിനായി ത്രിതല പഞ്ചായത്ത് പദ്ധതികളും കൃഷിഭവൻ മുഖേന നെൽകർഷകർക്കായി നടപ്പാക്കി വരുന്നുണ്ട്.<br>നെൽ കർഷകർക്ക് ഉല്പാദന ബോണസായി ഹെക്ടറിന് ഒരു സീസണിലേയ്ക്ക് 1000/- രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. കൂടാതെ നെൽകർഷകർക്ക് ഭൂപരിധിയില്ലാതെ 2 ഹെക്ടർ സൗജന്യ വൈദ്യുതിയുടെ ആനുകൂല്യവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ